**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 441** **10-02-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന് നിഷേധിക്കപ്പെട്ട ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തിന് അർഹതപ്പെട്ട എന്തെല്ലാം ആനുകൂല്യങ്ങളും ഗ്രാന്റുകളുമാണ് കേന്ദ്ര സർക്കാർ നിഷേധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയായതിന് കാരണമിതാണോയെന്ന് വ്യക്തമാക്കാമോ; | (എ) | സാമ്പത്തിക വർഷം 2021-22 മുതൽ 2024-25 വരെയുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായത്തിൽ 1857.98 കോടി രൂപയും സംസ്ഥാന ദുരന്ത ലഘൂകരണ ഫണ്ടിൽ (SDMF) 36.35 കോടി രൂപയും ലഭിക്കാനുണ്ട്. കൂടാതെ സമഗ്ര ശിക്ഷാ കേരളം എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്ക് കേന്ദ്ര-വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും 2024-25 സാമ്പത്തിക വർഷത്തിൽ ലഭിക്കേണ്ടിയിരുന്ന കേന്ദ്ര വിഹിതം പി. എം. ശ്രീ. പദ്ധതിയുടെ ധാരണാപത്രം ഒപ്പിടാത്തതിനാൽ ഇതുവരെയും അനുവദിച്ചിട്ടില്ല.<br><br>കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുകയാണ്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ പ്രധാന സ്രോതസ്സാണ് കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയുള്ള വിഭവ കൈമാറ്റവും. കഴിഞ്ഞ കുറേ വർഷങ്ങളായി കേരളത്തിനു അർഹമായ തുക ലഭിക്കുന്നില്ല.<br><br>സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകേണ്ട നികുതി വിഭവങ്ങളുടെ അനുപാതം പതിനാലാം ധനകാര്യ കമ്മീഷനിൽ 42 ശതമാനമായിരുന്നത് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 41 ശതമാനമായി കുറഞ്ഞിട്ടുണ്ട്. ഡിവിസിബിൾ പൂളിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതം കാലാകാലങ്ങളായി കുറഞ്ഞു വരികയാണ്. പത്താം ധനകാര്യ കമ്മീഷന്റെ സമയത്ത് 3.875 ശതമാനമായിരുന്ന കേരളത്തിന്റെ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിൽ 2.5 ശതമാനമായി മാറുകയും പതിനഞ്ചാം ധനകാര്യ |

| | | | |
|---|---|---|---|
| | | | കമ്മീഷന്റെ ഈ കാലയളവിൽ 1.925 ശതമാനമായി കുറയുകയും ചെയ്തിട്ടുണ്ട്.<br><br>ചരക്ക് സേവന നികുതി നഷ്ടപരിഹാരം 2022 ജൂൺ മാസത്തിൽ അവസാനിപ്പിച്ചതും, റവന്യൂ കമ്മി ഗ്രാന്റ് ഓരോ സാമ്പത്തിക വർഷവും കുറഞ്ഞു വരുന്നതും സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതു കണക്കിനത്തിലെ നീക്കിയിരിപ്പും സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാരിന്റെ പൊതുകടത്തിന്റെ ഭാഗമാണെന്ന നിലപാട് സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പിൽ കുറവ് വരുത്തുന്ന ഒരു നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്.<br><br>ഇത്തരത്തിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കാതെയും സംസ്ഥാനത്തിൻറെ കടമെടുപ്പിൽ കുറവ് വരുത്തുന്ന നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചതിനാലും സംസ്ഥാനത്ത് ധനഞെരുക്കം നിലവിലുണ്ട്. ഇത് സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനു തടസമായി ഭവിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം നിഷേധിക്കപ്പെട്ട ഫണ്ടുകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള തുക കേന്ദ്രസർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനു വേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്ര മന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകി കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി, പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പ് സെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br><br>ജി.എസ്.ടി കൗൺസിൽ ഉൾപ്പെടെയുള്ള യോഗങ്ങളിൽ കേരളം ഇക്കാര്യങ്ങളിൽ ശക്തമായ നിലപാട് വ്യക്തമാക്കാറുണ്ട്. എസ്.ജി.എസ്.ടി വരുമാനത്തിൽ 10-11% വാർഷിക വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഐ.ജി.എസ്.ടി വാർഷിക വർദ്ധനവ് 3% മാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും ഈ അപാകത പരിഹരിക്കണമെന്നും ബഹു. ധനകാര്യ മന്ത്രി 53-ാമത് ജി.എസ്.ടി കൗൺസിൽ യോഗത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല, 12.09.2024 ൽ തെലങ്കാന, തമിഴ്നാട്, കർണ്ണാടക, പഞ്ചാബ് എന്നീ |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങളിലെ ധനകാര്യ മന്ത്രിമാരെയും, ധനകാര്യ സെക്രട്ടറിമാരെയും, പ്രഗത്ഭരായ സാമ്പത്തിക വിദഗ്ദ്ധന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഒരു കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത കോൺക്ലേവിൽ പ്രതിപക്ഷ നേതാവും പങ്കെടുത്തിരുന്നു. പ്രസ്തുത കോൺക്ലേവിൽ കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളെക്കുറിച്ചും 16-ാം ധനകാര്യ കമ്മീഷനിൽ സംസ്ഥാനങ്ങൾക്ക് അർഹമായ സാമ്പത്തിക വിഹിതം ലഭ്യമാക്കുന്നതിനെക്കുറിച്ചും ചർച്ച ചെയ്യുകയുണ്ടായി. കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ സംബന്ധിച്ച് വിശദമായ നിവേദനം ധനമന്ത്രിമാരുടെ പ്രീ-ബജറ്റ് യോഗത്തിൽ കേരളം കേന്ദ്ര ധനകാര്യ മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>ഇത്തരത്തിൽ വിവിധ സംസ്ഥാനങ്ങളുമായി യോജിച്ചുകൊണ്ട് കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനങ്ങൾക്ക് അർഹമായ സാമ്പത്തിക അധികാരങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കുന്നതിന് മുന്തിയ പരിഗണനയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. |
| (സി) | ജീവനക്കാർക്കും പെൻഷൻകാർക്കും ഡി.എ /ഡി.ആർ കുടിശ്ശിക, ശമ്പള /പെൻഷൻ പരിഷ്കരണ കുടിശ്ശിക എന്നീ ഇനങ്ങളിൽ എത്ര കോടി രൂപ അനുവദിക്കാനുണ്ട്; ഈ തുക എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പെൻഷൻകാർക്കുള്ള പെൻഷൻ പരിഷ്കരണ കുടിശ്ശിക മുഴുവനായും ഇതിനോടകം അനുവദിച്ചിട്ടുണ്ട്.<br><br>സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും കുടിശ്ശികയായ ഡി.എ, ഡി.ആർ, ശമ്പളപരിഷ്കരണ കുടിശ്ശിക എന്നീ ഇനങ്ങളിൽ നൽകുവാനുള്ള തുക കൃത്യമായി കണക്കാക്കിയിട്ടില്ല. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ